DESPATCHED
28/01/22

S. 2021
30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No.2155(5)/18/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 10707/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി. 30.12.2021

**ശ്രീ. എസ്. കൊച്ചു ചന്ദ്രൻ,**
**തീർത്ഥം,**
**ആട്ടറമൂല,**
**പയറ്റുവിള പി.ഒ, ബാലരാമപുരം,**
**തിരുവനന്തപുരം – 695 501.** — **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**വെടിവെച്ചാൻ കോവിൽ പി.ഒ,**
**ബാലരാമപുരം, തിരുവനന്തപുരം,**

**അപ്പീൽഅധികാരി &**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
**സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്,**
**തിരുവനന്തപുരം.** — **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 26.05.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 22.06.2018 |
| ഒന്നാംഅപ്പീൽ | 04.07.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 19.07.2018 |
| രണ്ടാംഅപ്പീൽ | 29.09.2018 |
| ഹിയറിംഗ്തീയതി, സ്ഥലം | 01.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത്, പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ കുണ്ടറത്തേരി 22–ാം വാർഡിൽ അംബേദ്കർ സാംസ്കാരിക നില യത്തിന് സമീപത്തു കൂടി പോകുന്ന കോൺക്രീറ്റ് നടപ്പാതയുടെ ആസ്തി രജിസ്റ്ററി ലെ പേര്, നടപ്പാതയുടെ നീളം, വീതി ടി പാതയുടെ നിർമ്മാണത്തിനായി ഏതു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്, ടി നടപ്പാത

യുടെ ഇപ്പോൾ എത്ര മീറ്റർ നീളത്തിലും വീതിയിലും കോൺക്രീറ്റ് ചെയ്തു, ടി നടപ്പാതക്കായി അനുവദിച്ച ഫണ്ട് തുക, വിനിയോഗിച്ച തുക, പ്രോജക്ട് നമ്പർ എന്നിങ്ങനെയുള്ള 6 ഇന വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷിയിൽ നിന്ന് വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി. പൂർണ്ണമായ വിവരം നാളിതുവരെ ലഭ്യമായിട്ടില്ല എന്നും കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നുമാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്.

3. കുന്നിൻവിള നടപ്പാത സംബന്ധിച്ചുള്ള പരാതിയിൻമേൽ ചീഫ് ടെക്ക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തി എന്നും എന്നാൽ അതിർത്തി വ്യക്തമല്ലാത്തതിനാൽ ഭൂമി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ നടവഴി കയ്യേറിയിട്ടുണ്ടോ എന്ന് വ്യക്തമാകുകയുള്ളു എന്ന് പള്ളിച്ചൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നെയ്യാറ്റിൻകര താലൂക്ക് സർവ്വെയർക്ക് കത്ത് നൽകി എന്നും തുടർന്ന് നിരവധി തവണ ഓർമ്മകുറിപ്പുകൾ നൽകി എന്നും എന്നാൽ നാളിതുവരെ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല എന്നും ഭൂമി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ ടി പരാതി പരിഹരിക്കാൻ കഴിയു എന്നും ടി പരാതി പരിഹരിക്കുവാൻ ഫാസ്റ്റ് ട്രാക്കിലുൾപ്പെടുത്തി ഭൂമി അളക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നാണ് ഒന്നാം എതിർകക്ഷിയുടെ മൊഴിയിലും റിപ്പോർട്ടിലും കാണുന്നത്. കൂടാതെ കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ഹിയറിംഗ് തീയതി തന്നെ ഹർജിക്കാരന് നൽകാൻ തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി.

4. അപ്പീൽ ഹർജിക്കാരന്റെ പ്രശ്ന പരിഹാരത്തിനായി ശ്രമിക്കുന്നുണ്ടെന്ന് ഒന്നാം എതിർകക്ഷി അറിയിക്കുന്നുണ്ടെങ്കിലും 26.05.2018 ലെ അപേക്ഷയ്ക്ക് പൂർണ്ണമായ വിവരം ലഭിച്ചിട്ടില്ല എന്ന പരാതി നിലനിൽക്കുന്നതായി കമ്മീഷൻ നിരീക്ഷിക്കുന്നു. പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ വ്യക്തവും പൂർണ്ണവുമായ വിവരം അപ്പീൽഹർജിക്കാരന് നൽകാൻ എസ്.പി.ഐ. ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

5. 26.05.2018 ലെ അപേക്ഷയ്ക്ക് 22.06.2018 തീയതിയിലെ എസ്.പി.ഐ.ഒയുടെ മറുപടി നിരുത്തുരവാദപരമായ മറുപടിയായി കമ്മീഷൻ വിലയിരുത്തുന്നു. നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ എന്തെങ്കിലും വിവരം നൽകണമെന്ന രീതിയിലുള്ള മറുപടി മാത്രമായിരുന്നു എന്ന് ഒന്നാം അപ്പീൽ അധികാരിയുടെ തീരുമാനം പരിശോധിക്കുമ്പോൾ തന്നെ കമ്മീഷന് ബോദ്ധ്യപ്പെട്ടു. അപേക്ഷകൻ ആവശ്യപ്പെട്ട വിവരം നൽകാതെ ഓവർസിയർ എഴുതി നൽകിയ റിപ്പോർട്ട് അതുപോലെ അപ്പീൽ ഹർജിക്കാരന് അയച്ചു നൽകുയാണുണ്ടായത്. എസ്.പി.ഐ.ഒയുടെ ഈ നടപടി ന്യായീകരണം അർഹിക്കുന്നതല്ല. അപ്പീൽഹർജിക്കാരന് വിവരം നിക്ഷേധിച്ച എസ്.പി.ഐ.ഒയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗുരുതരവീഴ്ചയുമായി കമമീഷൻ വിലയിരുത്തുന്നു. ഇപ്രകാരം

വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും.

6. അപ്പീൽ ഹർജിക്കാരന്റെ പ്രശ്നപരിഹാരത്തിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് എതിർകക്ഷികളെ ഓർമ്മപ്പെടുത്തി കൊണ്ട് **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30 -ാം തീയതി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION